ഉത്സവകാലങ്ങളിൽ വിലവർദ്ധന നിയന്ത്രിക്കാൻ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ എല്ലാ അദ്ധ്യയന വർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട്ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20 ശതമാനം വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. ഇങ്ങനെ പൊതുവിപണിയിൽ സജീവമായി ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുവാനുള്ള നടപടികൾ സപ്ലൈകോ എടുത്തുവരുന്നു.

റേഷൻ കടകൾ, റേഷൻ കാർഡുകൾ

226 (1260) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര റേഷൻകടകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) റേഷൻ കടകളിൽ എത്ര തരത്തിലുള്ള റേഷൻ കാർഡുകൾ ഉണ്ട് ; ഇവ ഏതൊക്കെയെന്നും എന്ത മാനദണ്ഡം വച്ചാണ് റേഷൻ കാർഡുകൾ ഉപഭോക്താവിന് നൽകുന്നത് എന്നുമറിയിക്കുമോ ;

(സി) ഓരോ കാർഡിനും എന്തൊക്കെ സാധനങ്ങൾ ഏതളവിലാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ഡി) ഒരു മാസത്തിൽ എത്ര തവണയാണ് ഒരു കാർഡ് ഉടമയ്ക്ക് റേഷൻ സാധനങ്ങൾ കൊടുക്കുന്നത് ; വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ കടകളിൽ സാധനങ്ങൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(എഫ്) മിനിമം എത്ര കാർഡുകളാണ് ഒരു റേഷൻ കടയ്ക്ക് വേണ്ടത് ;

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോൾസെയിൽ ഷോപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; ഇവ എവിടെയൊക്കെയാണെന്നും ഏതൊക്കെയെന്നും അറിയിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; ഇവ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ ആകെ 14336 അംഗീകൃത ചില്ലറ വ്യാപാര ശാലകൾ ഉണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	:	1883
കൊല്ലം	:	1421
പത്തനംതിട്ട	:	833
ആലപ്പുഴ	:	1254
കോട്ടയം	:	990
ഇടുക്കി	:	701
എറണാകുളം	:	1343
തൃശ്ശൂർ	:	1201
പാലക്കാട്	:	936
മലപ്പുറം	:	1239
കോഴിക്കോട്	:	974
വയനാട്	:	315
കണ്ണൂർ	:	858
കാസർഗോഡ്	:	388
ആകെ		14,336

(ബി) റേഷൻ കാർഡുകൾ നൽകുന്നതിന്റെ പൊതുവായ മാനദണ്ഡം താഴെ കൊടുക്കുന്നു :

ഇന്ത്യൻ പൗരനായ വ്യക്തിയായിരിക്കണം. ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള താമസസ്ഥല സാക്ഷ്യപത്രം, കുടുംബ റേഷൻകാർഡ്, കുടുംബ റേഷൻ കാർഡുടമയുടെ സമ്മതപത്രം, ഒരു റേഷൻ കാർഡിലും പേരില്ലാത്ത വ്യക്തിയാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ/ എം.എൽ.എ/എം.പി. എന്നിവരിൽ ഒരാളുടെ സാക്ഷ്യപത്രം കൂടി ആവശ്യമാണ്.

റേഷൻ കടകളിൽ അഞ്ച് തരത്തിലുള്ള റേഷൻ കാർഡുകളാണുള്ളത്. ഇവ താഴെപ്പറയും പ്രകാരമാണ്:

(1) എ.പി.എൽ. (നോർമൽ)

(2) എ.പി.എൽ.(എസ്.എസ്.)

പ്രതിമാസ കുടുംബ വരുമാനം 25,000 രൂപയിൽ കവും 2.5 ഏക്കറിൽ കവഞ്ഞ സ്ഥലവുമുള്ള കുടുംബങ്ങൾക്ക് 7/11 വരെ ഈ സ്കീം അനുസരിച്ചുള്ള റേഷൻ കാർഡ് നൽകിയിരുന്നു.

(3) ബി.പി.എൽ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് നൽകുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12 പ്രകാരം ജില്ലാ കളക്ടർ ഉൾപ്പെടുത്തുന്നവരും

(4) എ.എ.വൈ.

ദരിദ്രരിൽ ദരിദ്രരായവരായി ഗ്രാമസഭകൾ തിരഞ്ഞെടുത്ത് നൽകുന്ന ഏണ ഭോക്താക്കൾ

(5) അന്നപൂർണ്ണ

നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം പെൻഷന് അർഹതയുള്ളവരും എന്നാൽ യാതൊരു വിധ പെൻഷൻ ലഭിക്കാത്തവരുമായ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർ.

(സി)

	പ്രതിമാസം		
	അരി (Kg)	ഗോതമ്പ് (Kg)	പഞ്ചസാര (ഗ്രാം)
എ.പി.എൽ.	8-10	2	Nil
എ.പി.എൽ (എസ്.എസ്.)	8-10	2	Nil
ബി.പി.എൽ.	25	7	400 gm/member
എ.എ.വൈ.	35	Nil	400 gm/member
അന്നപൂർണ്ണ (സൗജന്യം)	10	Nil	Nil

LIBRARY ARCHIVES Kerala Legislative Assembly

മണ്ണെണ്ണ എല്ലാ വിഭാഗക്കാർക്കും വൈദ്യുതീകരിച്ച വീടുകൾക്ക് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒന്ന്/അര ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്ററും നൽകുന്നു.

(ഡി) മാസത്തിലൊരിക്കലോ പരമാവധി 4 തവണകളായോ അരി, ഗോതമ്പ് എന്നിവ വാങ്ങാവുന്നതാണ്. പഞ്ചസാര,മണ്ണെണ്ണ എന്നിവ മാസത്തിലൊരിക്കൽ വാങ്ങാവുന്നതാണ്.

(ഇ) മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.

(എഫ്) ഏറ്റവും കുറഞ്ഞത് 400 കാർഡുകൾ വേണം. ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ മറ്റ് സൗകര്യങ്ങളുടെ ലഭ്യതക്കുറവ് എന്നിവ കണക്കിലെടുത്ത് ഈ നിബന്ധനയിൽ ഇളവ് അനുവദിക്കാറുണ്ട്.

(ജി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി മൊത്ത വിതരണശാലകൾ അനുവദിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ മുമ്പ് പ്രവർത്തിച്ചിരുന്ന 2 മൊത്ത വിതരണശാലകൾ രാജിവച്ചതിന്റെ അടിസ്ഥാനത്തിൽ ചെമ്പ്രയിൽ ശ്രീമതി സി. കെ. ബീന ലൈസൻസിയായി 12-ാം നമ്പർ മൊത്ത വിതണശാലയും കോട്ടയ്ക്കലിൽ ശ്രീ. സെയ്തലവി ലൈസൻസിയായി 5-ാം നമ്പർ മൊത്തവിതരണശാലയും ജില്ലാ കളക്ടർ തലത്തിൽ പുനർനിയമനം നടത്തിയിട്ടുണ്ട്.

പുതിയതായി 115 റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുംപ്രകാരമാണ്:

തിരുവനന്തപുരം:		19
കൊല്ലം	:	3
പത്തനംതിട്ട	:	1
ആലപ്പുഴ	:	1
കോട്ടയം	:	4
ഇടുക്കി	:	9
എറണാകുളം	:	9
തൃശ്ശൂർ	:	..
പാലക്കാട്	:	29

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	:	19
കോഴിക്കോട്	:	8
വയനാട്	:	7
കണ്ണൂർ	:	1
കാസർഗോഡ്	:	5
ആകെ		115

ഓരോ ജില്ലയിലും അനുവദിച്ച സ്ഥലം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഹോട്ടലുകളിൽ വിലനിലവാര പട്ടിക

227 (1261) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിൽ ഊണ്, ദോശ, ഇഡ്ഡലി തുടങ്ങിയ സാധാരണ ഭക്ഷണങ്ങൾക്കുപോലും കൂടിയ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോട്ടലുകളിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ റെയ്ഡുകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിലനിലവാര പട്ടിക പ്രദർശിപ്പിക്കാത്ത എത്ര ഹോട്ടലുകൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സാധാരണ ജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണപദാർത്ഥങ്ങൾ ഹോട്ടലുകളിൽനിന്നും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly